**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 992** **30.01.2019-ലെ മറുപടി**

**<u>മുക്കത്തെ ശുദ്ധജലക്ഷാമം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) മുക്കം നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ; | എ) 400 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കുന്ന ബൃഹത് പദ്ധതിയുടെ ഒന്നാം ഘട്ടമായ 60 കോടി രൂപയുടെ പ്രവൃത്തിക്ക് പ്രാഥമിക അംഗീകാരം നല്കിയിട്ടുണ്ട് . |
| ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് പ്രത്യേകം വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ; | ബി) യും സി) യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലം ലഭ്യമാക്കുവാനുള്ള പുതുക്കിയ പദ്ധതിയോട് കൂടി പ്രൊപ്പോസൽ തയ്യാറാക്കുവാൻ ജല അതോറിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ വിതരണ കുഴൽ പരിപാലനം, റവന്യൂ പിരിവ് എന്നിവ അതാത് സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുകയും ബൾക്ക് മീറ്റർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിതരണ ശൃംഖലയിലേക്ക് നൽകുന്ന വെള്ളത്തിന്റെ മൊത്തത്തിലുള്ള തുക ജല അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുമായി ഒരു യോഗം കൂടി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുവാൻ ഉത്തര മേഖല ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) എങ്കിൽ അപ്രായോഗിക വ്യവസ്ഥകൾ ഒഴിവാക്കി പദ്ധതി പൂർണ്ണമായും ജല അതോറിറ്റിക്ക് കീഴിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ